DESPATCHED
( 29.1.2021...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം**

**ഹർജി നമ്പർ എ.പി. 1231(3)/2020/എസ്.ഐ.സി.**

**ഉത്തരവ് തീയതി : 07.01.2021**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

**ശ്രീ കെ.എം.ജോസഫ്,
കാരക്കാട്ട് വീട്, കമ്മന പി.ഒ നല്ലൂർനാട് വില്ലേജ്,
മാനന്തവാടി, വയനാട് – 670 645.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

**1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
മാനന്തവാടി പോലീസ് സ്റ്റേഷൻ,
മാനന്തവാടി.**

**2. അപ്പീൽ അധികാരി,
സബ് ഡിവിഷണൽ പോലീസ് ഓഫീസ്,
മാനന്തവാടി.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27.04.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 02.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.06.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08.07.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 14.08.2020 |

## ഉത്തരവ്

07.01.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.



RIGHT TO INFORMAT

2. മാനന്തവാടി ടൗണിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സി.സി.ടി വിയിൽ 23.04.2020 ന് 10.30 am മുതൽ 12.00 pm വരെയുള്ള സമയങ്ങളിൽ പതിഞ്ഞിട്ടുള്ള ദൃശ്യങ്ങളുടെ പകർപ്പ് സി.ഡി യിൽ ലഭിക്കുന്നതിനായി മാനന്തവാടി പോലീസ് സ്റ്റേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) വിവരാവകാശ അപേക്ഷ സമർപ്പിച്ചെങ്കിലും പ്രസ്തുത വിവരം നൽകുവാൻ എസ്.പി.ഐ.ഒ തയ്യാറാകാതിരുന്നതിനെ തുടർന്ന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും ആയതിനും അനുകൂല തീരുമാനം ഉണ്ടായില്ലെന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ടാണ് ശ്രീ.കെ.എം ജോസഫ് കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നത്.

3. സാധാരണ നിലയിൽ സി.സി.ടി.വി ഫൂട്ടേജിന്റെ പ്രിന്റൗട്ട് സി.ഡിയിൽ ലഭിക്കുവാൻ വിവരാവകാശ അപേക്ഷകർക്ക് അവകാശമുണ്ട്. അതിന് Backup Footage 15 ദിവസം മാത്രമെ നിലനിൽക്കുവെന്ന അപ്പീൽ അധികാരിയുടെ തീരുമാനം അംഗീകരിക്കുവാൻ കഴിയുന്നതല്ല. സർവ്വറിൽ നിന്നും തിരിച്ചെടുക്കുവാൻ കഴിയുന്ന അത്തരം വിവരങ്ങൾ ലഭ്യമല്ലെന്ന് പറയുന്നതിലും അർത്ഥമില്ല. എന്നാൽ ഈ കേസിൽ വിവരം നിഷേധിച്ചതിന് എതിർകക്ഷികൾക്ക് ന്യായമായ ഒരു കാരണമുണ്ട്. അത് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ വിശദീകരിച്ചിട്ടുണ്ട്. നക്സൽ ഭീക്ഷണി നിലനിൽക്കുന്ന ഒരു പ്രദേശമാണ് മാനന്തവാടി. പ്രധാനമായും സുരക്ഷാ ഉദ്ദേശത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള ഈ സി.സി.ടിവി ക്യാമറയിലെ ദൃശ്യങ്ങൾ വെളിപ്പെടുത്തുന്നതുവഴി സുരക്ഷാ ഭീക്ഷണിയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. അത്തരം വിവിരങ്ങൾ വിവരാവകാശ നിയമത്തിലെ 8(1)(a),(g) എന്നീ വകുപ്പുകൾ പ്രകാരം സംരക്ഷിക്കപ്പെടുവാൻ അർഹതപ്പെട്ടതാണ്. ഈ കാരണത്താൽ ഹർജിക്കാരന്റെ അപ്പീൽ അനുവദിക്കുവാൻ നിർവ്വാഹമില്ല. എസ്.പി.ഐ.ഒ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭിക്കുവാൻ ഹർജിക്കാരന് അവകാശമുണ്ട്. അത് ഈ ഉത്തരവ് ലഭിച്ച് 3 ദിവസത്തിനകം

ഹർജിക്കാരന് അയച്ചുകൊടുക്കേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 07-ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN